**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2080. 26.03.2013 ൽ മറുപടിയ്ക്ക്.

<u>വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം</u>

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. യഥേഷ്ടം സർവ്വീസ് നടത്തുന്ന ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും വിദ്യാർത്ഥികളുടെ ആവശ്യത്തിനനുസരിച്ച് യാത്രാ സൗജന്യം അനുവദിച്ച് വരുന്നുണ്ട്. കൺസഷൻ ടിക്കറ്റ് അനുവദിച്ചുള്ള യാത്ര പരമാവധി 40 കി.മീ. എന്ന് നിജപ്പെടുത്തിയിരുന്നത് ഇളവ് വരുത്തി വിദ്യാർത്ഥി പഠിക്കുവാൻ ഉദ്ദേശിക്കുന്ന പാഠ്യവിഷയമുള്ള സ്ഥാപനം വരെ ദൂരപരിധി മാനദണ്ഡമാക്കാതെ കൺസഷൻ ടിക്കറ്റ് അനുവദിച്ചു വരുന്നുണ്ട്.<br>അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ District Students Travel facility Committee വിളിച്ചു ചേർക്കുവാനും വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരാതികളിന്മേൽ ഉചിതമായ തീരുമാനങ്ങളെടുക്കുവാനും ആർ.ടി.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാ സൗജന്യവുമായി |

| | | |
|---|---|---|
| | | ബന്ധപ്പെട്ട പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി പ്രസ്തുത വിഷയം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെയോ, ട്രാൻസ്പോർട്ട് കമ്മീഷണറുടെയോ, സർക്കാരിന്റെയോ, ശ്രദ്ധയിൽ കൊണ്ടുവരുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, ഡയറക്ടർ ഓഫ് കോളീജിയേറ്റ് എഡ്യൂക്കേഷൻ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതു പോലെതന്നെ എല്ലാ വിദ്യാർത്ഥികൾക്കും അവധി ദിവസങ്ങളിലും കൺസഷൻ അനുവദിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) അവധി ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് നൽകാതിരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വിദ്യാർത്ഥികൾക്കും അവധി ദിവസങ്ങളിലും കൺസഷൻ അനുവദിച്ചുകൊണ്ട് 28/11/2011 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം,ഗാന്ധി ജയന്തി തുടങ്ങിയ എല്ലാ അവധി ദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് / കെ.എസ്.ആർ.ടി.സി ബസ്സുകളിൽ കൺസഷൻ നിരക്കിൽ യാത്ര ചെയ്യുവാൻ സാധിക്കും. |
| (സി) വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറുകയും യാത്രാ ഇളവ് അനുവദിക്കാതിരിക്കുകയും വിദ്യാർത്ഥികളെ കയറ്റാതിരിക്കാൻ ബസ്സ് പെർമിറ്റ് ഫാസ്റ്റ് പാസഞ്ചറാക്കുകയും ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ബസ്സിന്റെ പേര്, നമ്പർ, റൂട്ട് എന്നിവ വ്യക്തമാക്കിക്കൊണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കോ ഗതാഗത കമ്മീഷണർക്കോ |

| | | |
|---|---|---|
| പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ? | | സർക്കാരിലേക്കോ ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനത്തിന്റെ അധികാരി മുഖേന പരാതികൾ നൽകാവുന്നതാണെന്നും ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും വിദ്യാർത്ഥി സമൂഹത്തിന് നിയമാനുസൃതമായി അനുവദിച്ചിട്ടുള്ള യാത്രാ കൺസഷൻ മേൽ വിവരിച്ച പരാതികൾ ഉണ്ടാകാത്ത വിധത്തിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ യാത്രാ ബസ്സുടമകളും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ട് പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺസഷൻ നിഷേധിച്ചുകൊണ്ട് അധിക ചാർജ്ജ് ഈടാക്കുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ കൈകൊള്ളാൻ എല്ലാ ആർ.ടി.ഓ/ജോയിന്റ് ആർ.ടി.ഓമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പെർമിറ്റുകൾ ഉയർന്ന ക്ലാസ് ആയി മാറ്റുന്നത് പ്രധാനമായും കോടതി ഉത്തരവ് അനുസരിച്ചാണ്. ഇത് പരിഹരിക്കുന്നതിന് ഉയർന്ന ക്ലാസ്സ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. യിൽ മാത്രമായി നിജപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.